LIBRARY ARCHIVES Kerala Legislative Assembly

ദുരിതാശ്വാസത്തിന് പ്രധാനമന്ത്രിയുടെ ഫണ്ടിൽ നിന്നും ലഭിച്ച തുകയുടെ വിനിയോഗം

98 [837] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ ഫണ്ടിൽ നിന്നും സുനാമി ദുരിതാശ്വാസ നിധിയിലേക്ക് എന്ത് തുകയാണ് ലഭിച്ചത്;

(ബി) ഇതിൽ എത്ര രൂപ ഏതൊക്കെ മേഖലകളിലായി ചെലവഴിച്ചു;

(സി) ഇതിൽ തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ എത്ര തുക എന്തിനൊക്കെ വിനിയോഗിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) സുനാമിയിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപ വീതം ആകെ 130 പേർക്ക് ഇതിനകം പ്രധാനമന്ത്രിയുടെ ഫണ്ടിൽ നിന്നും വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള 108 പേർക്ക് Ex-gratia നൽകുന്നതിനായി പ്രധാനമന്ത്രിയുടെ ഓഫീസിൽ നിന്നും നടപടി സ്വീകരിച്ചുവരുന്നു.

കൂടാതെ സുനാമി ദുരിതാശ്വാസത്തിനായി പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച വിവിധ പദ്ധതികളെ സംബന്ധിച്ച് അനുബന്ധത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. † ഇതിൽ നിന്നുള്ള സഹായം ലഭ്യമാക്കാനുള്ള നടപടികൾ പ്രധാനമന്ത്രിയുടെ ഓഫീസിൽ സ്വീകരിച്ചുവരുന്നുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിൽ സുനാമി ദുരന്തത്തിൽ മരണമടഞ്ഞ 2 പേരുടെ ആശ്രിതർക്കും കൊല്ലം ജില്ലയിൽ മരണമടഞ്ഞ 123 പേരുടെ ആശ്രിതർക്കും 1 ലക്ഷം രൂപ വീതം ഇതിനകം പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും Ex-gratia ലഭിച്ചിട്ടുണ്ട്.

നടുവണ്ണൂർ വാഹന അപകടത്തിൽപ്പെട്ടവർക്കുള്ള നഷ്ടപരിഹാരം

99 [838] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 നവംബർ 29-ന് നടുവണ്ണൂർ പഞ്ചായത്തിലെ കരിമ്പാപ്പൊയിൽ വച്ചുണ്ടായ വാഹനാപകടത്തിൽ മരിച്ച സുഹൈലാ ഷെറീനയുടെ കുടുംബാംഗങ്ങൾക്കും, പരിക്ക് പറ്റിയ മറ്റു വിദ്യാർത്ഥികൾക്കും എന്തെങ്കിലും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) എങ്കിൽ നഷ്ടപരിഹാരം നൽകിയവരുടെ പേരു വിവരവും സംഖ്യയും വിശദമാക്കുമോ?

† അനുബന്ധം VI

ഉത്തരം

(എ & ബി)) മരിച്ച സുഹൈലാ ഷെറീനയുടെ പിതാവ് അബ്ദുറഹിമാന് ദുരിതാശ്വാസനിധിയിൽ നിന്ന് 32,500 രൂപ നൽകിയിട്ടുണ്ട്.

പരിക്ക് പറ്റിയ താഴെപ്പറയുന്ന 5 കുട്ടികളുടെ രക്ഷകർത്താക്കൾക്ക് 5,500 രൂപ വീതവും നൽകിയിട്ടുണ്ട്.

1. സഹന, ഒ. പി.
2. അജീർ, എം. കെ.
3. ഹഷല, പി.
4. മുഹമ്മദ് ഹസീൽ
5. മുഹമ്മദ് ഫസൽ

2000-2005 വർഷങ്ങളിൽ നടന്ന ഹർത്താലുകൾ

100 [841] ശ്രീ. കെ. കെ. ഷാജു:

,, എ. എൻ. രാജൻ ബാബു:

,, ഉമേഷ് ചള്ളിയിൽ:

,, ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000-2005 വർഷങ്ങളിൽ കേരളത്തിൽ പൊതുവായി എത്ര ഹർത്താലുകൾ പ്രഖ്യാപിക്കപ്പെട്ടുവെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രാദേശിക ഹർത്താലുകൾ ഉൾപ്പെടെ എത്ര ഹർത്താലുകളാണ് കേരളത്തിൽ ഈ കാലയളവിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്;

(സി) ഈ കാലയളവിൽ മനുഷ്യാദ്ധ്വാന ദിനങ്ങളുടെ നഷ്ടം, പൊതുമുതൽ നശിപ്പിക്കൽ എന്നീ ഇനങ്ങളിൽ ഉദ്ദേശം എത്ര കോടി രൂപയാണ് സംസ്ഥാനത്തിന് നഷ്ടമായിട്ടുള്ളത്?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

ലോകായുക്ത എസ്. പി.-യെ സംബന്ധിച്ച വിവരങ്ങൾ

101 [846] ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകായുക്ത എസ്. പി. യുടെ ചുമതല വഹിക്കുന്നത് ഇപ്പോൾ ആരാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇദ്ദേഹത്തിന്റെ ഇതുവരെയുള്ള സർവ്വീസ് കാലയളവിൽ ഇദ്ദേഹത്തെക്കുറിച്ച് എന്തെങ്കിലും ആരോപണങ്ങൾ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly